**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **29-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ പഠന-ഗവേഷണ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ പഠന-ഗവേഷണ നിലവാരം ലോകോത്തരമാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസവും ഗവേഷണ സംവിധാനവും ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വിപുലമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.<br>സർവകലാശാലകളിലും കോളേജുകളിലും ഫ്ലെക്സിബിൾ കരിക്കുലവും മൾട്ടിഡിസിപ്ലിനറി പാതകളും ഉൾപ്പെടുത്തി നാലു വർഷ ബിരുദ പദ്ധതി (FYUGP) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന്, ബിരുദാന്തര ബിരുദ കരിക്കുലം പരിഷ്കരണവും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ഗവേഷണ ആഭിമുഖ്യം ഉള്ള രീതിയിൽ ആണ് ബിരുദാനന്തര ബിരുദ പഠനം പുനഃക്രമീകരിക്കുന്നത്. ഗവേഷണ മേഖലയിൽ, കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എജ്യുക്കേഷൻ (KNRSHE) സ്ഥാപിച്ച് വിവിധ സർവകലാശാലകളും ഗവേഷകരും തമ്മിലുള്ള സഹകരണത്തിന് വഴി തുറന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ജീവശാസ്ത്രം ഉൾപ്പെടെയുള്ള മേഖലകളിൽ ഏറ്റവും പുതിയ ഉപകരണങ്ങളോടുകൂടിയ സെൻട്രൽ റിസർച്ച് ലബോറട്ടറികൾ (CIRL) സ്ഥാപിച്ചുവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (KIAS), കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് (KLN) പോലുള്ള കേന്ദ്രങ്ങളും പ്രത്യേക വിജ്ഞാന മേഖലകളിൽ പഠന-ഗവേഷണങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബി, റൂസ ഫണ്ടുകളും സംസ്ഥാന സർക്കാർ നൽകുന്ന പ്ലാൻ ഫണ്ടും ഉപയോഗിച്ച് വിപുലമായ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്നതിനൊപ്പം, നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ പോലുള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പ്രതിഭാധനരായ ഗവേഷകരെ ആകർഷിച്ച് നൂതന ഗവേഷണത്തിനും ശക്തി പകരുന്നു. |
| (ബി) | പഠന-ഗവേഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദേശ സർവകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്റ്റഡി ഇൻ കേരള, സ്കോളർ കണക്റ്റ്, ബ്രെയിൻ ഗെയിൻ പോലുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ലക്ഷ്യം അന്താരാഷ്ട്ര വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കുകയും പ്രവാസി പണ്ഡിതരുടെ അറിവും അനുഭവവും അക്കാദമിക് രംഗത്ത് പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ്. സംസ്ഥാനത്തെ സർവകലാശാലകൾ പ്രശസ്ത വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ (MoU) ഒപ്പിടുകയും, വിദ്യാർത്ഥി-അധ്യാപക കൈമാറ്റം, സംയുക്ത ഗവേഷണ പദ്ധതികൾ, പാഠ്യപദ്ധതി വികസനം എന്നിവക്ക് അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവരുന്നു. ഈ നടപടികൾ അന്താരാഷ്ട്ര exposure വർധിപ്പിക്കുന്നതോടൊപ്പം നവീകരണത്തിനും ആഗോള ശൃംഖലകൾക്കും അറിവിന്റെ കൈമാറ്റത്തിനും ശക്തി പകരുന്നു. |
| (സി) | റീബിൽഡ് കേരള പദ്ധതിയുമായി സംയോജിച്ചുള്ള വികസന പുരോഗതിക്ക് ആക്കം കൂട്ടുന്ന വിധം പ്രസ്തുത ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സംസ്ഥാനത്തിന്റെ റീബിൽഡ് കേരള പദ്ധതിയുമായി ബന്ധിപ്പിച്ചുള്ള പ്രധാന പ്രോഗ്രാമുകളിൽ ഒന്നാണ്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന തുക ഗ്രാന്റായി നൽകുന്ന പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകളിലൊന്നാണ് ഇത്. മികവുറ്റ യുവ ഗവേഷകരെ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിലേക്ക് ആകർഷിക്കാൻ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം, കൃഷി, വ്യവസായം, കാലാവസ്ഥാ പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ ട്രാൻസ്ലേഷണൽ ഗവേഷണത്തിനും നവീകരണത്തിനും ആണ് ഈ ഫെല്ലോഷിപ്പ് പ്രാമുഖ്യം നൽകുന്നത്. Cutting-edge ഗവേഷണങ്ങൾക്കും അന്താരാഷ്ട്ര exposure-നും പിന്തുണ നൽകി, കേരളത്തെ അറിവ് അടിസ്ഥാനമാക്കി പ്രതിരോധ ശേഷിയുള്ള, സുസ്ഥിരമായ സമൂഹമായി കേരളത്തെ പുനർനിർമ്മിക്കാൻ കഴിയുന്ന പുതിയ തലമുറ ഗവേഷകരെ വളർത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ